## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 909 | 20.03.2013-ൽ മറുപടിക്ക്.

### സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് RSBY (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന). പ്രസ്തുത പദ്ധതിയുടെ സാങ്കേതിക വിദ്യയും, ആനുകൂല്യങ്ങളും ഉപയോഗിച്ചു കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (**Comprehensive Health Insurance Scheme - CHIS**). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മറ്റു വിഭാഗങ്ങളിൽ പ്പെട്ടവർക്കുമാണ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. |
| (ബി) പദ്ധതിയിൽ ചേരാൻ രജിസ്റ്റർ ചെയ്തവർക്ക് സ്മാർട്ട് കാർഡുകൾ നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) ഉണ്ട്. 2013-14 ആനുകൂല്യ വർഷത്തിലേയ്ക്കായി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് സ്മാർട്ട് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. എല്ലാ ജില്ലയിലും സ്മാർട്ട് കാർഡ് വിതരണം ത്വരിതഗതിയിലാണ്. ഈ സ്മാർട്ട് കാർഡ് ഉപയോഗിച്ച് ഏപ്രിൽ മാസം മുതൽ ചികിത്സാനുകൂല്യങ്ങൾ നേടാവുന്നതാണ്. |

| | |
|---|---|
| (സി) ഇതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ; | (സി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് 30,000/- രൂപയുടെ സൗജന്യ ചികിത്സ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിക്കും. കുടുംബനാഥനും ഭാര്യക്കും കൂടാതെ ആശ്രിതരായ 3 പേർക്കുമാണ് ചികിത്സാ പരിരക്ഷയുള്ളത്. ഈ കുടുംബങ്ങളുടെ പ്രീമിയം സർക്കാരാണ് വഹിക്കുന്നത്. |
| (ഡി) പദ്ധതിയിലൂടെ ഏതെല്ലാം സൗജന്യ ചികിത്സകളാണ് അംഗങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ജന്മനാ ഉള്ള വൈകല്യങ്ങൾ, മദ്യം, മയക്കുമരുന്ന് മൂലമുള്ള രോഗങ്ങൾ, എച്ച്.ഐ.വി/എയ്ഡ്സ്, ലൈംഗിക രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾ ഒഴികെയുള്ള മറ്റ് രോഗങ്ങൾക്ക് RSBY/CHIS എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സാനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. പദ്ധതി നിയമാവലി പ്രകാരം ജനറൽ വാർഡിൽ കിടത്തി ചികിത്സകൾക്ക് മാത്രമാണ് ചികിത്സാനുകൂല്യങ്ങൾ ലഭിക്കുന്നത്. |

Rupa

സെക്ഷൻ ഓഫീസർ